# ശിവജയന്തി : വ്രതം എടുക്കുന്നതിന്റെയും സർവ്വ സമർപ്പണമാകുന്നതിന്റെയും ഓർമ്മ ചിഹ്നം

ഇന്ന് ത്രിമൂർത്തി രചയിതാവായ ശിവബാബ തന്റെ പൂജ്യ സാളിഗ്രാമങ്ങളെ കാണുവാൻ വന്നിരിക്കുകയാണ്. കൂടികാഴ്ചയും ഉണ്ട് എന്നാൽ ആഘോഷിക്കലും ഉണ്ട്. താങ്കൾ എല്ലാവരും വിശ്വത്തിന്റെ നാനാഭാഗത്ത് നിന്നും ബാപ്ദാദയുടെ ജയന്തി വലിയ ഉണർവ്വുൽസാഹത്തോടെ ആഘോഷിക്കുവാനായി എത്തിച്ചേർന്നിരിക്കുകയാണ്. കുട്ടികൾ പറയുന്നു ബാബയുടെ ജയന്തി ആഘോഷിക്കാനായി വന്നിരിക്കുകയാണ്. ബാബ പറയുന്നു കുട്ടികളുടെ ജയന്തി ആഘോഷിക്കാൻ വന്നിരിക്കുകയാണ്. താങ്കൾ എല്ലാവരും തന്റെ ജയന്തി അലൗകിക ജന്മദിനം ആചരിക്കുവാനായി വന്നിരിക്കുകയാണ്. മുഴുവൻ കൽപ്പത്തിൽ ഇങ്ങനെ വേറിട്ടതും പ്രിയപ്പെട്ടതും ആയ ജന്മദിനം ഒരിക്കലും ഉണ്ടാവുന്നതേയില്ല. മുഴുവൻ കൽപ്പത്തിൽ കണ്ടിട്ടുണ്ടോ ഇങ്ങനെയുള്ള ജന്മദിനം ആഘോഷിച്ചിട്ടുണ്ടോ അച്ഛന്റേതും ഒപ്പം കുട്ടികളുടെയും? എന്തെന്നാൽ വിശ്വപരിവർത്തനത്തിന്റെ കാര്യത്തിൽ ശിവബാബയ്ക്കും ബ്രഹ്മാദാദയ്ക്കും ഒപ്പം ഒപ്പം ബ്രാഹ്മണരും തീർച്ചയായും വേണം. ബ്രാഹ്മണരില്ലാതെ യജ്ഞം സഫലമാവുകയില്ല അതിനാൽ ബാബയുടെയും കുട്ടികളുടെയും ഒന്നിച്ചുള്ള ജന്മദിനമാണ് അതായത് ജയന്തിയാണ്. അപ്പോൾ കുട്ടികൾ ഉള്ളിന്റെയുള്ളിൽ ബാബയ്ക്ക് ആശംസകൾ നൽകുകയാണ്, ബാബ ഓരോ ബ്രാഹ്മണ കുട്ടികൾക്കും അലൗകിക ജന്മത്തിന്റെ കോടാനുകോടിയിലും അധികം ഹൃദയത്തിന്റെ ആശീർവാദങ്ങൾക്കൊപ്പം ആശംസകൾ നൽകുകയാണ്. അപ്പോൾ ആശംസകൾ! ആശംസകൾ! ആശംസകൾ!(എല്ലാവരും കൈ വീശി) വളരെ നല്ലത് ഒരു കൈയിന്റെ കൈയ്യടി നന്നായി തോന്നുന്നു, രണ്ട് കൈകളുടെയല്ല. വളരെ സന്തോഷമല്ലേ, അതല്ലേ കൈ അനങ്ങാതിരിക്കുന്നില്ല, ചലിക്കുന്നു.

ലോകത്ത് ഭക്തർ ശിവ ജയന്തി വലിയ ആഘോഷത്തോടെ കൊണ്ടാടുന്നു. എന്നാൽ അവർ ഒരു ദിവസത്തെ ജാഗരണം അല്ലെങ്കിൽ ഒരു ദിവസത്തെ വ്രതം ആചരിക്കുന്നു. താങ്കൾ കുട്ടികൾ അജ്ഞാന നിദ്രയിൽ നിന്ന് ജാഗരണത്തിന്റെ സങ്കല്പം ഒരു ദിവസത്തേക്ക് അല്ല ചെയ്തിരിക്കുന്നത്, ജാഗരണം അവരും ചെയ്യുന്നുണ്ട് എന്നാൽ താങ്കൾ ഒരു സംഗമയുഗത്തിന്റെ വജ്ര തുല്യ ജന്മം ജാഗരണം ചെയ്തിരിക്കുന്നു,ചെയ്തു കൊണ്ടിരിക്കുന്നു. ഉണർന്നുവല്ലോ ഇനി വീണ്ടും ഉറങ്ങുകയില്ലല്ലോ! അതോ കുറേശ്ശെ കുറേശ്ശെ ഉറങ്ങുമോ! ശരി ഉറങ്ങിയില്ല കുറച്ച് കോട്ടുവായ് ഇട്ടേക്കാം! ഈ ജാഗരണം ഇങ്ങനെയുള്ള ജാഗരണമാണ് സ്വയം ഉണരുന്നു എന്നാൽ മറ്റുള്ളവരെയും ഉണർത്തുന്നു. ജ്ഞാനത്തിന്റെ ജീവിതത്തിൽ ജാഗരണം എന്നാൽ അന്ധകാരത്തിൽ നിന്ന് പ്രകാശത്തിലേക്ക് വരിക. ഈ അലൗകിക ജാഗരണം എല്ലാവർക്കും നന്നായി തോന്നുന്നില്ലേ! എപ്പോൾ മുതൽ ജന്മമെടുത്തുവോ, ജയന്തി ആചരിച്ചുവോ, അപ്പോൾ മുതൽ എന്തെന്ത് വ്രതം എടുത്തു? ഓർമ്മയില്ലേ! കുട്ടികൾ പറയുന്നു ഓർമ്മയോ, ഞങ്ങളുടെ സ്വാഭാവിക ജീവിതം തന്നെ വ്രതത്തിന്റേത് ആയിരിക്കുന്നു. പവിത്ര ആഹാരം, പവിത്ര വ്യവഹാരം, പവിത്രവിചാരം ഇത് ജീവിതമായിരിക്കുന്നു. ഒരുമാസത്തേക്കോ രണ്ടുമാസത്തേക്കോ അല്ല, ജീവിതം തന്നെ വ്രതം ധാരണ ചെയ്യുന്നതായി മാറിയിരിക്കുന്നു. സ്വാഭാവികമായി മാറി സ്വഭാവമായി മാറി. പവിത്രതയെ സ്വഭാവമാക്കിയില്ലേ! സ്വഭാവമായോ അതോ ആക്കണമോ? ആയിട്ടുണ്ടല്ലോ? വെറുതെ തലയാട്ടൂ ശരി. ആയോ? അപവിത്രത സ്വഭാവത്തിൽ നിന്നും സമാപ്തമായി, പവിത്രത ജീവിതത്തിൽ അടങ്ങി. ഇങ്ങനെയുള്ള വജ്രതുല്യ ശിവ ജയന്തി അഥവാ സാളിഗ്രാമ ജയന്തി ആഘോഷിച്ചു. നാനാ ഭാഗത്തെയും ദേശ വിദേശത്തെ കുട്ടികളും ഒപ്പമൊപ്പം ആഘോഷിക്കുന്നു ബാപ്ദാദ കാണുന്നുണ്ട് നാനാഭാഗത്തും ബാബയുടെ ഒപ്പവും താങ്കൾക്കൊപ്പവും അവരും എത്ര സന്തോഷിക്കുകയാണ്.

ഇന്നത്തെ ദിവസം വിശേഷിച്ച് ഭക്തർ താങ്കളുടെ ഓർമ്മ ചിഹ്നം ബലിയും അർപ്പിക്കുന്നു. താങ്കൾ എല്ലാവരും മനസ്സാ വാചാ കർമണാ ബാബക്കു മുന്നിൽ സമർപ്പണം ആകുന്നു. അതിന്റെ ഓർമ്മചിഹ്നമായി ഭക്തർ സ്വയം ബലി നൽകുന്നില്ല, ആടിനെ ബലിയർപ്പിക്കുന്നു. മറ്റാരെയും കിട്ടിയില്ല, എന്തുകൊണ്ട് ആടിനെ തന്നെ കിട്ടിയത്? ഇതിന്റെയും രഹസ്യം താങ്കൾക്ക് അറിയാം. എന്തെന്നാൽ ഏറ്റവും വലുതിലും വലിയ ദേഹാഭിമാനത്തിന്റെ കാരണമാണ് ഞാൻ എന്ന ഭാവം. ഈ ഞാൻ എന്ന ഭാവം എപ്പോൾ അർപ്പിക്കുന്നുവോ അപ്പോഴേ ബ്രാഹ്മണൻ ആകുന്നുള്ളൂ. അതിനാൽ ആടും എന്താണ് ചെയ്യുന്നത്? ഞാൻ ഞാൻ... (മേ മേ...) അപ്പോൾ ഈ ദേഹാഭിമാനത്തിന്റെ ഞാൻ എന്നതിന്റെ ലക്ഷണമാണ്. ദേഹാഭിമാനത്തിന്റെ ഞാനെന്ന ഭാവം വളരെ സൂക്ഷ്മവുമാണ് ഭിന്നഭിന്ന തരത്തിലും ഉണ്ട്. ഏറ്റവും ആദ്യത്തെ ഞാൻ

എന്ന ഭാവമാണ് –ഞാൻ ശരീരമാണ്, ഇന്നയാളാണ്. പിന്നെ മുന്നോട്ടുപോകുമ്പോൾ സംബന്ധത്തിൽ കുടുങ്ങുന്നതിന്റെയും പല പല ഞാനെന്ന ഭാവമുണ്ട്. ഇനിയും മുന്നോട്ടുപോകുമെങ്കിൽ പലപല സ്ഥാനങ്ങളുടെയും ഞാനെന്ന ഭാവമുണ്ട്. അതിലും സൂക്ഷ്മമാണ് തന്റെ വിശേഷതയുടെ ഞാനെന്ന ഭാവം മുകളിൽ നിന്ന് താഴേക്ക് കൊണ്ടുവരുന്നു. വിശേഷത ഓരോരുത്തരിലും ഉണ്ട്, ഇങ്ങനെ ഒരു മനുഷ്യാത്മാവും ഇല്ല– ആരിലാണോ സ്ഥൂലമോ സൂക്ഷ്മമോ ആയി യാതൊരു വിശേഷതയും ഇല്ലാത്തത്. ജ്ഞാനീജീവിതത്തിലും ഓരോ ബ്രാഹ്മണരുടെയും ഉള്ളിൽ ഏറ്റവും കുറഞ്ഞത് ഒരു വിശേഷത തീർച്ചയായും ഉണ്ട്. എന്നാൽ ജ്ഞാനീ ജീവിതത്തിൽ വിശേഷത പരമാത്മാ ദാനമാണ്, പരമാത്മാവിന്റെ സമ്മാനമാണ്. പരമാത്മാവിന്റെ ദാനത്തെ ദേഹാഭിമാനത്തിന് വശപ്പെട്ട് ഞാനെന്ന ഭാവത്തിലേക്ക് കൊണ്ടുവരുന്നു. ഞാൻ ഇങ്ങനെയാണ് –ഈ റോയൽ അഭിമാനം വലുതിലും വലിയ ഞാനെന്ന ഭാവമാണ്. അപ്പോൾ സമർപ്പണമായത് തന്നെയാണ്, എന്നാൽ മുന്നോട്ട് എന്ത് കാണണം?

ടീച്ചേഴ്സ് എല്ലാവരും അവരവരെ എന്തു പറയുന്നു?സമർപ്പണം അല്ലേ!.ടീച്ചേഴ്സ് എല്ലാവരും സമർപ്പണമാണോ? നല്ലത് ഗൃഹസ്ഥത്തിൽ കഴിയുന്നവർ സമർപ്പണമാണോ?അതെയോ അല്ലയോ? പാണ്ഡവർ സമർപ്പണം ആണോ? വളരെ നല്ലത് ആശംസകൾ. മുന്നോട്ട് എന്ത് ചെയ്യണം?സമർപ്പണമായി വളരെ നല്ലത്. ഇപ്പോൾ മുന്നോട്ട് ഇത് പരിശോധിക്കണം പറഞ്ഞുതരണോ എന്താണ്? താങ്കൾ പറയും സമർപ്പണം ആണല്ലോ പിന്നെന്ത് ചെയ്യണം? അപ്പോൾ ഒന്നുണ്ട് സമർപ്പണം, മുന്നോട്ട് സർവ്വ സമർപ്പണം. സർവ്വം എന്നതിൽ വിശേഷിച്ച് അടിവരയിടണം. തന്റെ മനസ്സ് ബുദ്ധി സംസ്കാര സഹിതം സമർപ്പണം. എന്തെന്നാൽ എത്രത്തോളം മുന്നേറുന്നുവോ പുരുഷാർഥത്തിൽ തീവ്രഗതിയോടെ ചുവട് വയ്ക്കുന്നു വെച്ചുകൊണ്ടുമിരിക്കുന്നു. എന്നാൽ വർത്തമാനഅന്തരീക്ഷം അനുസരിച്ച് ബ്രാഹ്മണ ജീവിതത്തിലും മനസ്, ബുദ്ധിയുടെ മേൽ വ്യർഥത്തിന്റെ പ്രഭാവം  മോശമായതിന്റെയല്ല, മോശമായത് അവസാനിച്ചു എന്നാൽ വ്യർഥത്തിന്റെയും നെഗറ്റീവിന്റെയും പ്രഭാവം കൂടുതലാണ്. അതിനാൽ യഥാർത്ഥവും സത്യവും നിർണയിക്കുന്നതിനുള്ള തിരിച്ചറിയുന്ന ശക്തി കുറഞ്ഞുപോകുന്നു. മനസ്സിലാക്കുന്നതിലൂടെയാണ് തിരിച്ചറിവ് ഉണ്ടാകുന്നത് അതെ, ഇത് തെറ്റാണ് ഇത് ശരിയാണ് എന്നാൽ ഒന്നുണ്ട് വിവേകത്തിലൂടെ തിരിച്ചറിവ്, മറ്റേത് ഹൃദയം കൊണ്ട് തിരിച്ചറിവ്. അഥവാ ഹൃദയംകൊണ്ട് ഏതെങ്കിലും കാര്യത്തെ തിരിച്ചറിഞ്ഞുവെങ്കിൽ ലോകം മാറിക്കോട്ടെ എന്നാൽ സ്വയം മാറുകയില്ല. പിന്നെ സംസ്കാരം പഴയ 63 ജന്മങ്ങളുടെ ആകുന്നതിനാൽ സ്വാഭാവികമായിരിക്കുന്നു, അതിനെ മറ്റൊരു വാക്കിൽ പറയുകയാണെങ്കിൽ– ഇത് തെറ്റല്ല എന്നാൽ എന്റെ സ്വഭാവമാണ്. അപ്പോൾ പഴയ സംസ്കാരം കുറച്ച് പോകുന്നു, കുറച്ച് ഉള്ളിൽ ഇരിക്കുന്നു. പിന്നെ പുറത്തേക്ക് വരുന്നു. എന്നാൽ സർവ്വ സമർപ്പണത്തിന്റെ അർത്ഥമാണ് മനസ്സിന്റെ ഭാവവും ഭാവനയും ഓരോ ആത്മാവിനെയും പ്രതി പരിവർത്തനപ്പെടുക. ബാപ്ദാദ അതിനെ പറയുന്നു എങ്ങനെയുള്ള ആത്മാവാകട്ടെ, ഭിന്നഭിന്നമായിരിക്കുമല്ലോ, കൽപ്പ വൃക്ഷമാണ്, വൈവിധ്യം ഇല്ലായെങ്കിൽ ശോഭയും ഇല്ല, എന്നാൽ ഓരോ ആത്മാവിനെയും പ്രതി ശുഭ ഭാവന, ശുഭകാമന. അശുഭ ഭാവനയെയും പരിവർത്തനപ്പെടുത്തി ശുഭഭാവന വയ്ക്കുക അഥവാ ശുഭഭാവന നൽകുക. ഓരോ ആത്മാവിനെയും പ്രതി ശുഭ ഭാവന ഇവർ തീർച്ചയായും മാറും. ഇങ്ങനെ ആകരുത് ഇവർ മാറുകയില്ല. അവരെ പ്രതി ജഡ്ജിയായി ജഡ്ജ്മെന്റ് നൽകരുത് ഇവർ മാറാനെ പോകുന്നില്ല. പ്രകൃതിയെയും പരിവർത്തനപ്പെടുത്തി സതോഗുണി ആക്കുക തന്നെ വേണം എന്ന് വെല്ലുവിളിച്ചിട്ടുണ്ട് എങ്കിൽ ആകുമോ ആകുകയില്ലയോ ചോദ്യം ഇല്ല, ആക്കുക തന്നെ വേണം. വേണമെന്ന വാക്കിന് അടിവര ഇട്ടിട്ടുണ്ട്. അപ്പോൾ എന്താ പ്രകൃതി മാറും എങ്കിൽ ആത്മാവ് മാറുകയില്ലേ? ആത്മാവാണെങ്കിൽ പ്രകൃതിയുടെ പുരുഷനാണ്. അപ്പോൾ പ്രകൃതി മാറും പുരുഷൻ മാറുകയില്ല എന്ന് എന്തുകൊണ്ട്? അപ്പോൾ വർത്തമാനം സമയം ഈ മനസ്സ് ബുദ്ധി  സംസ്കാരം സ്വയത്തിന്റെ പരിവർത്തനവും സർവരുടെ പരിവർത്തനവും  ഇതാണ് സേവനം.

എല്ലാവരും ചോദിക്കുന്നു ഈ വർഷം എന്ത് ചെയ്യണം? അപ്പോൾ ഡബിൾസേവനം ചെയ്യണം. ഒന്നുണ്ട് സ്വയത്തിന്റെ സർവ്വ സമർപ്പണം. ഇത്രയും സ്വയത്തെ സമർപ്പണം ചെയ്യു  താങ്കളുടെ അന്തരീക്ഷം, താങ്കളുടെ വൈബ്രേഷൻ, താങ്കളുടെ കൂട്ടുകെട്ട്, താങ്കളുടെ ഹൃദയത്തിന്റെ സഹയോഗം, താങ്കളുടെ ഹൃദയത്തിന്റെ ആശീർവാദങ്ങൾ മറ്റുള്ളവരെയും സഹജമായി പരിവർത്തനം ചെയ്യുന്നതിൽ സഹയോഗം നൽകട്ടെ. ഇത്രയും സ്വപരിവർത്തനം ചെയ്യണം. സർവസമർപ്പിതമാക്കണം. ഒന്ന് ഈ സേവനവും മറ്റൊന്ന് ലോക സേവനവും, റിസൾട്ടിൽ കണ്ടു  നാനാ ഭാഗത്തേയും ദേശത്തിൽ,വിദേശത്തിൽ, ഗ്രാമത്തിൽ എല്ലാ ബ്രാഹ്മണ കുട്ടികളും ഇതുവരെ എന്ത് സേവനം ചെയ്തുവോ, ബാബയോടുള്ള പ്രേമത്തിൽ ചെയ്തിരിക്കുന്നു, അതിന്  ബാപ്ദാദ വളരെ വളരെ വളരെ ആശംസകൾ നൽകുന്നു. മുന്നോട്ട് എന്ത് ചെയ്യണം? ബാപ്ദാദ കണ്ടു ആരാണോ ബ്രാഹ്മണരായത്, ബ്രാഹ്മണരുടെയും അഭിവൃദ്ധിയുണ്ട്, ഇനിയും തീവ്ര ഗതിയിൽ അഭിവൃദ്ധി ഉണ്ടാകണം. ഒപ്പം ആരാണ് ലോകപ്രിയ സേവനം ചെയ്തിട്ടുള്ളത് ഭിന്നഭിന്ന പ്രോജ

ക്കുകളിലൂടെ സേവനങ്ങൾ നടന്നുകൊണ്ടിരിക്കുന്നു, അത് വളരെ നല്ലതാണ്. ഇപ്പോൾ ഭിന്നഭിന്ന സ്ഥാന ങ്ങളിൽ സഹയോഗി ആത്മാക്കൾ നന്നായി നിമിത്തം ആയിട്ടുണ്ട്. സഹയോഗി വളരെ നല്ലതാണ്, ഒരു ചു വട് സഹയോഗത്തിന്റേത്. ഒരു ചുവട് ഉയർത്തിയിട്ടുണ്ട് എന്നാൽ രണ്ടാമത്തെ പാദമാണ് സഹജയോഗി , കർമ്മയോഗി. കർമ്മയോഗി അഥവാ സഹജയോഗിയും കുറച്ച് കുറച്ച് ആയിട്ടുണ്ട്. ഇതും രണ്ടാമത്തെ സ്റ്റേജ് ആണ്. ഇപ്പോൾ ഇങ്ങനെയുള്ള ആത്മാക്കൾ പ്രാക്ടിക്കൽ സ്വരൂപത്തിൽ സ്റ്റേജിൽ പാർട്ട് നട ത്തട്ടെ. മൈക്ക് സ്റ്റേജിൽ ആണല്ലോ! അപ്പോൾ മൈക്കായി സേവനത്തിന്റെ സ്റ്റേജിൽ പ്രത്യക്ഷ സ്വരൂ പത്തിലും തീർച്ചയായും വരും. താങ്കൾ മൈറ്റാണ്, അവർ മൈക്ക്. ബ്രഹ്മാബാബ അവ്യക്ത രൂപത്തിൽ മൈറ്റ് ആയതു പോലെ, താങ്കൾ കുട്ടികളെ മൈക്ക് ആക്കി. ഇങ്ങനെ താങ്കൾ മൈറ്റ് ആകൂ ഇങ്ങനെ മൈക്ക് തയ്യാറാക്കൂ. വളരെ നല്ല നല്ല പ്രതീക്ഷയുള്ളവരാണ്, വേഗത്തിൽ പോകുന്നവരാണ്, കേവലം ഇപ്പോൾ ഇനിയും ഇങ്ങനെയുള്ള ആത്മാക്കളുടെ കണക്ഷനെ വർധിപ്പിക്കേണ്ടതിന്റെ ആവശ്യകതയാണ് ഉള്ളത്. അവർ ആഗ്രഹിക്കുന്നു, എന്ത് ചെയ്യും എങ്ങനെ ചെയ്യും, അവരെ മൈറ്റ് ആക്കി ഇങ്ങനെയുള്ള വിധി കേൾപ്പിക്കൂ ലൗകിക ജോലിയും അലൗകിക സേവനവും രണ്ടിന്റെയും സന്തുലനം വെച്ചുകൊണ്ട് ലാസ്റ്റ് നിന്നും ഫാസ്റ്റായി, ഫാസ്റ്റിൽ നിന്നും ഫസ്റ്റിന്റെ വരിയിൽ വരണം. ഇങ്ങനെ പ്രത്യക്ഷമാകണം . കേവലം കണക്ഷനും കറണ്ടും നൽകൂ. ആത്മീയതയുടെ കറണ്ട്, വൈബ്രേഷൻ അന്തരീക്ഷത്തിന്റെ ക റന്റും വിധിയും. അങ്ങനെ നിമിത്തമാകട്ടെ സന്തുലനം വെച്ച് കൊണ്ടുള്ള ജീവിതം വളരെ നല്ലതും സഹ ജവുമാണ് എന്നതിന്. ശരിയല്ലേ! എന്ത് ചെയ്യണം അത് പറഞ്ഞല്ലോ!

കൊച്ചുകൊച്ച് പൂച്ചെണ്ടുകൾ തയ്യാറാക്കൂ. വലിയ പൂച്ചെണ്ടല്ല, അഞ്ച് പൂക്കളുടെ, പത്ത് പൂക്കളുടെ പൂച്ചെണ്ട് കൊണ്ടുവരുമോ. ഓരോരോ ഭാഗവും ബാപ്ദാദയുടെ ദൃഷ്ടിയിൽ ഉണ്ട്. കേട്ടോ! പാണ്ഡവർ കേട്ടോ? വളരെ നല്ലത്.

ഡബിൾ വിദേശികൾ ചാടുകയല്ല എന്നാൽ പറക്കുകയാണ്. അപ്പോൾ ആദ്യം പൂച്ചെണ്ട് വിദേശത്തുനിന്ന് കൊണ്ടുവരുമോ അതോ ഭാരതം കൊണ്ടുവരുമോ? ആര് കൊണ്ടുവരും? ഇരുവരും ഒപ്പം കൊണ്ടുവ രുമോ? ഒരുവശത്തുനിന്ന് വിദേശത്തിന്റെ, ഒരുവശത്തു നിന്ന് ഭാരതത്തിന്റെ ഇരു പൂച്ചെണ്ടുകളും സ് റ്റേജിൽ വരും. ഇവർ ആഘോഷം ആചരിക്കുമ്പോൾ അവരും ആഘോഷം നടത്തുന്നതുപോലെ രണ്ട് പൂച്ചെണ്ടുകളുടെയും, ഭാരതത്തിന്റെയും വിദേശത്തിന്റെയും. ശരിയാണോ? വിദേശത്തുള്ളവർ എന്താ ണ് കരുതുന്നത്? ശരിയാണ്. അപ്പോൾ അടുത്ത സീസണിൽ കൊണ്ടുവരുമോ? കൊണ്ടുവരണ്ടേ? ഭാരതീ യർ കൊണ്ടുവരുമോ? ലൗകികവും അലൗകികവുമായ ജോലിയുടെ സന്തുലനം ഉള്ളവർ. താങ്കൾ കേവ ലം ബ്രാഹ്മണ ജീവിതം ഉള്ളവരല്ല, ലൗകികവുമാണ് അലൗകികവുമാണ് അവർക്ക് പ്രഭാവം കൂടുതൽ ഉ ണ്ടാകും. താങ്കളിൽ നിന്നെല്ലാം ദൃഷ്ടി നേടുവാനായി വരും. ശരി എന്താണ് ആലോചിക്കുന്നത് ജയന്തി? എന്താ പേര് ആലോചിക്കുകയാണോ? ഈ നിർമ്മല, മോഹിനി ഒക്കെ പേര് ആലോചിക്കുകയാണ് അല്ലേ! ഇവിടെ പാണ്ഡവർ നോക്കൂ ഭാരതത്തിന്റെ പാണ്ഡവർ എന്തെങ്കിലും കുറഞ്ഞവരാണോ, ഈശ്വരാനു ഗ്രഹമാണ്. ഇത് നോക്കൂ കുറച്ചൊക്കെ ഇരിക്കുന്നുമുണ്ട്. ഈ തലച്ചോർ മുന്നിലിരിക്കുകയല്ലേ (ഓസ് ട്രേലിയയുടെ ബ്രെയിൻ ഭായിയോട് ) പൂച്ചെണ്ട് തയ്യാറാക്കണ്ടേ! വളരെ നല്ല നല്ല എന്തു പേരാണ് നൽ കുന്നത്, എൻ.സി. ഒ, നല്ലത്. വിദേശത്തെ എൻ.സി. ഒ ക്കാർ കൈ ഉയർത്തൂ. എൻ സി ഒ ഉണ്ടാക്കുക എ ളുപ്പമല്ല, അത്ഭുതം കാണിക്കണം. ചെയ്യാൻ കഴിയും ഒരു വലിയ കാര്യവുമല്ല, എന്തെന്നാൽ ഭൂമി തയ്യാറാ ണ്. ബീജവും വീണിരിക്കുന്നു. കേവലം പാലിക്കുവാനുള്ള ജലം നൽകണം. ഇപ്പോൾ ബീജത്തെ പാലി ക്കാനുള്ള ജലം വേണം. ശരി.

ടീച്ചേഴ്സും ധാരാളം വന്നിട്ടുണ്ട് :ടീച്ചേഴ്സിനും ആശംസകൾ. താങ്കൾ തന്നെയാണല്ലോ സേവനം ചെയ്ത ത്! അപ്പോൾ സേവനത്തിന്റെ ആശംസകൾ. നല്ലത്. ഗുജറാത്തിന്റെ സ്ഥിതി എന്താണ്? (ഗുജറാത്തിൽ വ ളരെ വലിയ ഭൂകമ്പം ഉണ്ടായിട്ടുണ്ട് ) ഇളക്കം ഗുജറാത്തിൽ നിന്നും ആരംഭിച്ചിരിക്കുന്നു. കൂടുതൽ ഇള ക്കം ഗുജറാത്തിലും വിദേശത്തും കുറേശ്ശെ ആരംഭിച്ചിട്ടുണ്ട്. പേടിക്കുന്നില്ലല്ലോ! ഭൂമി ഇളകുന്നു എന്നാ ൽ ഹൃദയം ഇളകുന്നില്ലല്ലോ! എവിടെ ഭൂമി ഇളകിയോ ദോഷം സംഭവിച്ചിട്ടുണ്ട്. അവിടെനിന്നും ആരാണ് വന്നിരിക്കുന്നത് അവർ കൈ ഉയർത്തൂ. അഹമ്മദാബാദ് കാരും എഴുന്നേൽക്കൂ. ശരി ഹൃദയം ഇളകിയോ അതോ ഭൂമി ഇളകിയോ? എന്താണ് സംഭവിച്ചത്? ഹൃദയത്തിൽ കുറച്ച് ഇങ്ങനെ ഇങ്ങനെ ഉണ്ടായോ? ഉ ണ്ടായില്ല! ധൈര്യശാലികളാണ്. ബാപ്ദാദ കണ്ടു കുട്ടികൾ തന്റെ ധൈര്യത്തിലും ബാബയുടെ കുടക്കീ ഴിലും തന്റെ റെക്കോർഡ് നന്നായി വച്ചു. ആരും പരാജയപ്പെട്ടില്ല എല്ലാവരും പാസായി ചിലർ കുറച്ച് കൂ ടുതൽ. യഥാക്രമം തന്നെ ആണ് എല്ലാവരും ഓരോ സ്ഥലത്തും. എന്നാൽ പാസ്സാണ്. ആശംസകൾ. ഏ റ്റവും അധികം മാരകമായ സ്ഥലത്തുനിന്ന് ആരാണ് വന്നിരിക്കുന്നത്? (ഭുജിലെയും ഭചാവുവിലെയും

ഓരോ സഹോദരിമാർ വന്നിരിക്കുന്നു.) നല്ലത്, ഭുജിൽ താങ്കൾ ആയിരം ഭുജങ്ങളുള്ളയാൾക്കൊപ്പമായിരുന്നു. നല്ലത് പേപ്പറിൽ പാസ്. വളരെ നന്നായി ചെയ്തു. ഇനിയും ഇളകുവാൻ പാടില്ല. ഇപ്പോൾ ഉണ്ടായിക്കൊണ്ടിരിക്കും. പരിഭ്രമിക്കരുത് (പതിവായി സംഭവിക്കുന്നു)ഉണ്ടായിക്കോട്ടെ. നോക്കൂ പരിവർത്തനം സംഭവിക്കുക തന്നെ വേണമല്ലോ! പ്രകൃതിയും തന്റെ ജോലി ചെയ്യുമല്ലോ! മനുഷ്യാത്മാക്കൾ പ്രകൃതിയെ തമോഗുണിയാക്കി അപ്പോൾ അത് തന്റെ ജോലി ചെയ്യുമല്ലോ. എന്നാൽ ഓരോ കളിയും ഡ്രാമയുടെ കളിയിൽ ഇതും കളിയാണ്. കളി കണ്ടുകൊണ്ടും തന്റെ അവസ്ഥ ആക്കരുത്. മാസ്റ്റർ സർവ്വശക്തിവാൻ ആത്മാക്കളുടെ സ്വസ്ഥിതിയിൽ പരസ്ഥിതി പ്രഭാവം ഉണ്ടാക്കരുത്. ഇനിയും ആത്മാക്കളെ മാനസിക പരവശതകളിൽ നിന്ന് മോചിക്കുവാനുള്ള നിമിത്തമാകൂ, എന്തെന്നാൽ മനസ്സിന്റെ പരവശത താങ്കളുടെ മെഡിറ്റേഷനിലൂടെയേ അകറ്റുവാൻ സാധിക്കൂ. ഡോക്ടർമാർ തന്റെ ജോലി ചെയ്യും, ശാസ്ത്രജ്ഞർ അവരുടെ ജോലി ചെയ്യും, ഗവൺമെന്റ് അവരുടെ ജോലി ചെയ്യും, താങ്കളുടെ ജോലിയാണ് മനസ്സിന്റെ പരവശത ടെൻഷനെ അകറ്റുക. ടെൻഷൻ ഫ്രീ ജീവിതം ദാനം നൽകുക. സഹയോഗം നൽകുക . വർത്തമാനം സമയം ദേശത്തും വിദേശത്തുമുള്ളവർ സഹയോഗിയായി സഹയോഗം നൽകിക്കൊണ്ടിരിക്കുന്നില്ലേ! ഇത് വളരെ നല്ലതാണ് ചെയ്തുകൊണ്ടിരിക്കുന്നത്. ഇതിലൂടെ തെളിയുന്നു വിദേശമാകട്ടെ ആരും ആകട്ടെ എന്നാൽ ഭാരത ദേശത്തോട് സ്നേഹമുണ്ട്. ഓരോരുത്തരും അവരവരുടെ കാര്യം ചെയ്തു കൊണ്ടിരിക്കുകയാണ് താങ്കൾ താങ്കളുടെ കാര്യം ചെയ്തുകൊണ്ടിരിക്കുന്നു. തീ കത്തുമ്പോൾ തീ അണയ്ക്കുന്നവർ ഭയപ്പെടാറില്ല, അണയ്ക്കുകയാണ് എന്നത് പോലെ. അപ്പോൾ താങ്കൾ എല്ലാവരും മനസ്സിന്റെ പരവശതയുടെ തീ അണയ്ക്കുന്നവരാണ്.ശരി.

അപ്പോൾ ഗുജറാത്ത് ശക്തമല്ലേ! ആയിരം കൈകളുടെ കുടത്തണലിൽ ആണ്. എവിടെ വന്നാലും ഇപ്പോൾ ഗുജറാത്തിനെ കണ്ട് അനുഭവി ആയിരിക്കുന്നുവല്ലോ. എവിടെയും വന്നോട്ടെ. നോക്കൂ പ്രകൃതിയെ ആർക്കും തടയവാൻ ആവില്ല, ഗുജറാത്തിൽ വന്നാലും ആബുവിൽ വരരുത് ബോംബെയിൽ വരരുത് എന്നല്ല. അത് സ്വതന്ത്രമാണ്. എന്നാൽ എല്ലാവർക്കും തന്റെ സ്വസ്ഥിതിയെ അചഞ്ചലവും ഇളകാത്തതും തന്റെ ബുദ്ധിയെയും മനസ്സിന്റെ രേഖയെയും തെളിഞ്ഞതാക്കി വയ്ക്കണം. ലൈൻ ക്ലിയർ ആകുമെങ്കിൽ ടച്ചിങ് ഉണ്ടാകും. ബാപ്ദാദ ആദ്യമേ പറഞ്ഞിരുന്നു അവരുടേത് വയർലെസ് ആണ് താങ്കളുടേത് വൈസ് ലെസ്സ് ബുദ്ധിയാണ്. എന്തു ചെയ്യണം, എന്ത് സംഭവിക്കണം, ഈ നിർണയം സ്പഷ്ടവും ശീഘ്രവും ഉണ്ടാകും. ഇങ്ങനെ ചിന്തിച്ചു കൊണ്ടിരിക്കരുത് പുറത്ത് ഇറങ്ങണം,അകത്തിരിക്കണം, വാതിൽക്കൽ ഇരിക്കണം, ടെറസിൽ ഇരിക്കണം. ഇല്ല. താങ്കളുടെ പാദം അവിടേക്കേ ചലിക്കൂ എവിടെയാണോ സുരക്ഷയുള്ളത്. അഥവാ വളരെ പരിഭ്രമിച്ചു പോയാൽ പരിഭ്രമിക്കുവാൻ പാടില്ല, എന്നാൽ വളരെ പരിഭ്രമിച്ചു പോയി , വളരെ ഭയപ്പെട്ടു, എങ്കിൽ മധുബൻ ആശ്രയ ഗൃഹം താങ്കളുടേതാണ്, ഭയപ്പെടേണ്ട, ഇപ്പോൾ ഒന്നും തന്നെ ഇല്ല, ഇനി എല്ലാം ഉണ്ടാവാൻ ഉണ്ട്, ഭയക്കാൻ പാടില്ല, കളിയാണ്. പരിവർത്തനം സംഭവിക്കേണ്ടേ. വിനാശം അല്ല,പരിവർത്തനം സംഭവിക്കണം. എല്ലാവരിലും വൈരാഗ്യ വൃത്തി ഉൽപ്പന്നമാകണം. ദയാമനസ്കരായി സർവ്വ ശക്തികളിലൂടെയും സകാശ് നൽകി ദയ കാണിക്കൂ. മനസ്സിലായോ! ശരി.

ഇപ്പോൾ ഒരു സെക്കൻഡ് മനസ്സിനെയും ബുദ്ധിയേയും ഏകാഗ്രമാക്കാൻ കഴിയുമോ? സ്റ്റോപ്പ്. സ്റ്റോപ്പായി പോകട്ടെ. ഇപ്പോൾ ഒരു സെക്കൻഡിലേക്ക് മനസ്സിനെയും ബുദ്ധിയേയും തീർത്തും ഏകാഗ്ര ബിന്ദു ബിന്ദുവിൽ അലിയിക്കുമോ? ശരി (ബാപ്ദാദ ഡ്രിൽ ചെയ്യിച്ചു )

നാനാഭാഗത്തെയും സർവ്വ ശ്രേഷ്ഠ ബ്രാഹ്മണ ആത്മാക്കൾക്ക് നാനാഭാഗത്തെയും സദാ ദൃഢസങ്കല്പത്തിന്റെ വ്രതം എടുക്കുന്ന അചഞ്ചല ആത്മാക്കൾക്ക്, നന ഭാഗത്തെയും സർവ്വ ധൈര്യ ഉല്ലാസത്തോടെ സ്വ സേവനവും ലോക മംഗളത്തിന്റെ സേവനവും ചെയ്യുന്നവരായ മഹാ സേവാധാരി ആത്മാക്കൾക്ക്, ഇന്നത്തെ ശിവ ജയന്തി യുടെ വജ്രതുല്യ ജയന്തിയുടെ വേറിട്ടതും പ്രിയപ്പെട്ടതുമായ ജയന്തിയുടെ ആശംസകൾ, ആശീർവാദങ്ങൾക്കൊപ്പം സ്നേഹ സ്മരണയും നമസ്തേയും.

## വരദാനം : ബാബയുടെ സ്നേഹത്തെ ഹൃദയത്തിൽ ധാരണ ചെയ്തു സർവ്വ ആകർഷണങ്ങളിൽ നിന്നും മുക്തരായി കഴിയുന്ന സത്യമായ സ്നേഹിയായി ഭവിക്കട്ടെ.

ബാബ എല്ലാ കുട്ടികൾക്കും ഒരേപോലെ സ്നേഹം നൽകുന്നു, എന്നാൽ കുട്ടികൾ തന്റെ ശക്തി അനുസരിച്ച് സ്നേഹത്തെ ധാരണ ചെയ്യുന്നു. ആര് അമൃത വേളയുടെ ആദ്യ സമയത്ത് ബാബയുടെ സ്നേഹത്തെ ധാരണ ചെയ്തെടുക്കുന്നു എങ്കിൽ ഹൃദയത്തിൽ പരമാത്മ സ്നേഹം അടങ്ങുന്നത് കാരണം മറ്റൊരു സ്നേഹവും അവരെ ആകർഷിക്കുകയില്ല. അഥവാ ഹൃദയത്തിൽ മുഴുവൻ സ്നേഹവും

ധാരണ ചെയ്യുന്നില്ല എങ്കിൽ ഹൃദയത്തിൽ സ്ഥലം ഉള്ളത് കാരണം മായ പല പല രൂപത്തോടെ അനേകം സ്നേഹത്തിൽ ആകർഷിപ്പിക്കുന്നു. അതിനാൽ സത്യമായ സ്നേഹിയായി പരമാത്മ സ്നേഹം കൊണ്ട് നിറഞ്ഞിരിക്കൂ.

**സ്ലോഗൻ: ദേഹത്തിനും, ദേഹത്തിന്റെ പഴയ ലോകവും സംബന്ധങ്ങൾക്കും മുകളിൽ പറക്കുന്നവർ തന്നെയാണ് ഇന്ദ്രപ്രസ്ഥ നിവാസി.**

സൂചന : ഇന്ന് മാസത്തിന്റെ മൂന്നാമത്തെ ഞായറാഴ്ച അന്താരാഷ്ട്ര യോഗ ദിവസമാണ് എല്ലാ ബ്രഹ്മാ വത്സരും സംഘടിത രൂപത്തിൽ വൈകിട്ട് 6.30 മുതൽ 7 30 മണി വരെ വിശേഷിച്ച് ദയാമനസ്കനായ ബാബയോടൊപ്പം തന്റെ മാസ്റ്റർ ദയാമനസ്ക സ്വരൂപത്തിൽ സ്ഥിതിചെയ്ത് സർവ്വ ആത്മാക്കൾക്കും പവിത്രതയുടെ ബലം നൽകൂ. പവിത്ര വൈബ്രേഷൻ അന്തരീക്ഷത്തിൽ പരത്തുന്നതിന്റെ സേവനം ചെയ്യാം.